مليباري

هيئة الأمر بالمعروف والنهي عن المنكر بالمسجد الحرام

തെളിഞ്ഞു നിൽക്കുന്ന രണ്ടു പാതകൾ അവന്നു നാം (അല്ലാഹു) കാട്ടികൊടുക്കുകയും ചെയ്തിരിക്കുന്നു.!!



അല്ലാഹു പറയുന്നു:

(നബിയേ,) നിനക്ക് അല്ലാഹു വല്ല ദോഷവും വരുത്തിവെക്കുകയാണെങ്കിൽ അത് നീക്കം ചെയ്യുവാൻ അവനല്ലാതെ മറ്റാരുമില്ല.
ഖുർആൻ 6:17

നബി (ﷺ) പറഞ്ഞു:

ആരെങ്കിലും ഏലസ്സ് ധരിച്ചാൽ അവൻ ശിർക്ക് ചെയ്തു

[സ്വഹീഹ് അൽ ജാമിഅ്, സ്വഹീഹുൽ ജാമിഅ്]



അല്ലാഹുവെക്കൊണ്ടല്ലാതെ സത്യം ചെയ്യരുത്

നബിയെകൊണ്ട് സത്യം ചെയ്യരുത് പിതാവിന്റെ കാരുണ്യം കൊണ്ടോ കഅ്ബയെ കൊണ്ടോ നബിയുടെ ജാഹ് കൊണ്ടോ **സത്യം ചെയ്യരുത്** ✗	കഅ്ബയുടെ നാഥൻ തന്നെയാണ് സത്യം, അല്ലാഹു തന്നെ സത്യം, ഞാൻ അല്ലാഹുവെ കൊണ്ട് സത്യം ചെയ്യുന്നു, എന്റെ ആത്മാവ് ഏതൊരുവന്റെ കയ്യിലാണൊ അവൻ തന്നെയാണ് സത്യം ✓

നബി (ﷺ) പറഞ്ഞു:

വല്ലവനും സത്യം ചെയ്യുന്നുവെങ്കിൽ അല്ലാഹുവെകൊണ്ട് അവൻ സത്യം ചെയ്യട്ടെ! അല്ലാത്ത പക്ഷം അവൻ മിണ്ടാതിരിക്കട്ടെ!

[ബുഖാരി & മുസ്‌ലിം]

ബഹുമാന്യനായ മുസ്ലിമേ:

രണ്ട് മാർഗങ്ങൾ (സ്വർഗ പാത, നരഗ പാത) യെപ്പറ്റി താങ്ങൾ മനസ്സിലാക്കി. താങ്ങൾക്കും, താങ്ങൾ സ്നേഹിക്കുന്ന എല്ലാവർക്കും സ്വർഗ പാതയിൽ കൂടി നടക്കുവാനും നരഗത്തിൽ നിന്ന് അകലുവാനും അല്ലാഹുവോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

നബി (സ) പറഞ്ഞു:

വല്ലവനും അല്ലാഹുവോട് എന്തിനെയെങ്കിലും പങ്ക്ചേർത്ത് കൊണ്ട് മരിക്കുന്ന പക്ഷം അവൻ നരഗത്തിൽ പ്രവേശിക്കുന്നതാണ്, വല്ലവനും അല്ലാഹുവോട് യാതൊന്നിനെയും പങ്ക്ചേർക്കാതെ മരിക്കുന്ന പക്ഷം അവൻ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. [മുസ്‌ലിം]

സജീൽ ബിൻ മുഹിയുദ്ദീൻ +966551268898

هيئة الأمر بالمعروف والنهي عن المنكر بالمسجد الحرام
നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്യുന്ന സംഘടന,
[വിദ്യാഭ്യാസ കമ്മിറ്റി]
TEL: 9922 573 012

ജോൽസ്യനെയോ ഗണികനെയോ സമീപിക്കരുത്

നബി (ﷺ) പറഞ്ഞു:

വല്ലവനും ഗണികനെ സമീപിക്കുകയും എന്നിട്ടവനോട് വല്ല കാര്യത്തെ പറ്റി ചോദിക്കുകയും ചെയ്താൽ അവന്റെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. [മുസ്‌ലിം]



അല്ലാഹുവിനല്ലാതെ നേർച്ചയാക്കരുത്

നബി (ﷺ) പറഞ്ഞു:

വല്ലവനും അല്ലാഹുവിനെ അനുസരിക്കാമെന്ന് നേർച്ചയാക്കുന്ന പക്ഷം അവൻ അല്ലാഹുവിനെ അനുസരിക്കട്ടെ!, വല്ലവനും അവനെ ധിക്കരിക്കുമെന്ന് നേർച്ചയാക്കിയാൽ, അവനെ ധിക്കരിക്കാതിരിക്കട്ടെ

[ബുഖാരി]



നിങ്ങൾ ഖബ്റുകളെ പള്ളികളാക്കരുത് (ആരാധനാ) കേന്ദ്രങ്ങളാക്കരുത്

നബി (ﷺ) പറഞ്ഞു:

ജൂതൻമാരെയും ക്രൈസ്തവരെയും അല്ലാഹു ശപിച്ചിരിക്കുന്നു. അവർ തങ്ങളുടെ പ്രവാചകന്മാരുടെ ഖബ്റുകളെ പള്ളികളാക്കിയിരിക്കുന്നു.

[ബുഖാരി & മുസ്‌ലിം]



നബി (ﷺ) പറഞ്ഞു:

പുണ്യം പ്രതീക്ഷിച്ച് കൊണ്ട് മൂന്ന് പള്ളികളിലേക്കല്ലാതെ യാത്ര പോകാൻ പാടില്ല

1. മസ്ജിദുൽ ഹറാം
2. മസ്ജിദുന്നബവി
3. മസ്ജിദുൽ അക്വ്സാ



✗	✓
ഉപ്പാ, അല്ലാഹു എവിടെയാണ്? അല്ലാഹു എല്ലായിടത്തുമുണ്ട്	ഉപ്പാ, അല്ലാഹു എവിടെയാണ്? അല്ലാഹു ഉപരിലോകത്തിലാണ് (ആകാശത്തിലാണ്)

ഹദീസിൽ വന്നിട്ടുണ്ട്: ഒരാൾ (തന്റെ) അടിമസ്ത്രീയെ മോചിപ്പിക്കാനുദ്ദേശിച്ചു. അപ്പോൾ നബി (സ) അവളോട് ചോദിച്ചു 'അല്ലാഹു എവിടെയാണ്? അപ്പോൾ അവൾ പറഞ്ഞു: 'ആകാശത്തിലാണ്.' നബി (സ) ചോദിച്ചു ഞാൻ ആരാണ്? അവൾ പറഞ്ഞു: 'താങ്കൾ അല്ലാഹുവിന്റെ ദൂതനാണ്, അപ്പോൾ നബി (സ) പറഞ്ഞു: അവളെ മോചിപ്പിക്കൂ, അവൾ തീർച്ചയായും വിശ്വാസിനിയാണ്'. (മുസ്‌ലിം)

അല്ലാഹുവിന് വേണ്ടിയല്ലാതെ നീ ബലി അറുക്കരുത്



നബി (ﷺ) പറഞ്ഞു:

അല്ലാഹുവിന് വേണ്ടിയല്ലാതെ ബലി അറുക്കുന്നവരെ അല്ലാഹു ശപിച്ചിരിക്കുന്നു

[മുസ്‌ലിം]

ഖബ്റുള്ള പള്ളിയിൽ നമസ്ക്കരിക്കൽ

നബി (ﷺ) പറഞ്ഞു:

അറിയുക നിങ്ങൾക്ക് മുൻപുള്ളവർ അവരുടെ പ്രവാചകൻമാരുടെയും , പുണ്യ പുരുഷന്മാരുടെയും ഖബ്റുകൾ പടുത്തുയർത്തി ആരാധനാലയങ്ങൾ ഉണ്ടാക്കാറുണ്ടായിരുന്നു. നിങ്ങൾ മഖ്ബറകളെ പടുത്തുയർത്തി ആരാധനാലയങ്ങൾ ഉണ്ടാക്കരുത് തീർച്ചയായും ഞാൻ അത് നിങ്ങളോട് വിലക്കിയിരിക്കുന്നു

[ബുഖാരി]



കഅ്ബയെ അല്ലാതെ ത്വവാഫ് (പ്രദക്ഷിണം) ചെയ്യാൻ പാടില്ല



അല്ലാഹു പറയുന്നു:

പിന്നെ അവർ തങ്ങളുടെ അഴുക്ക് നീക്കികളയുകയും, തങ്ങളുടെ നേർച്ചകൾ നിറവേറ്റുകയും, പുരാതനമായ ആ ഭവനത്തെ പ്രദക്ഷിണം വെക്കുകയും ചെയ്തുകൊള്ളട്ടെ.

(ഖുർആൻ: 29:22)

അല്ലാഹു പറയുന്നു:

പള്ളികൾ അല്ലാഹുവിന്നുള്ളതാകുന്നു. അതിനാൽ നിങ്ങൾ അല്ലാഹുവോടൊപ്പം ആരെയും വിളിച്ച് പ്രാർത്ഥിക്കരുത് [72:18]

നബി (ﷺ) പറഞ്ഞു:

വല്ലവനും അല്ലാഹുവിന് പുറമെയുള്ള സമന്മാരോട് പ്രാർത്ഥിച്ചു കൊണ്ട് മരിക്കുന്ന പക്ഷം അവൻ നരകത്തിൽ പ്രവേശിക്കുന്നതാണ് [ബുഖാരി]

